# ജി.എൽ.പി.എസ്

## മറ്റത്തൂർ

# മാസ്റ്റർ പ്ലാൻ





# ജി. എൽ. പി. എസ്. മറ്റത്തൂർ

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ





# ആമുഖം



ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് . കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ഭൗതിക, മാനസിക, വൈകാരിക , സാമൂഹിക ഘടക വികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ 'ശേഖരണവും അറിവിൻറെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്.

അറിവ് എന്നാൽ കേവലം പാഠ പുസ്തകങ്ങളിൽ നിന്നും മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്താൻ കഴിയില്ല ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന് ലക്ഷണം അതിനെ വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും



എല്ലാ കുട്ടികളിലും അങ്കുരിക്കുകയും വികസിക്കുകയും വേണം. മാനവീകതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷ ചിന്തയുടെയും ജനാധിപത്യബോധത്തിന്റെയും പ്രകാശത്തിലാണ് കുട്ടികൾ വളരേണ്ടത്.

പഠനമെന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യമിടുന്ന ഒന്നല്ല. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലന കളരി കൂടിയാണ് വിദ്യാലയങ്ങൾ. സമൂഹത്തിൽ കാണുന്ന പലതരം തെറ്റായ പ്രവണതകൾക്കെതിരെയുള്ള നിലപാടുകൾ കൈക്കൊള്ളാനുള്ള പ്രാപ്തി കുട്ടികൾ നേടേണ്ടതുണ്ട് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയെ കാണുന്നത്. ഇതിനായി വിദ്യാലയത്തിന്റെ മേന്മകൾ, മികവുകൾ, പരിമിതികൾ, അന്തരീക്ഷം, കുട്ടികൾ, പഠന ലക്ഷ്യങ്ങൾ, അധ്യാപകർ, വിലയിരുത്തൽ സംവിധാനം എന്നിവയെല്ലാം ചേർത്തുകൊണ്ട് സമഗ്രമായി തയ്യാറാക്കിയ രൂപരേഖ അനിവാര്യമാണ്. ഇവിടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഫലപ്രദമാകുന്നത്.

## ഭാഷ

1. ചിത്രങ്ങളിലെ ആശങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു.
2. ലിപികൾ തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയത്( പദങ്ങൾ, വാക്യങ്ങൾ) വായിക്കുന്നു. ( Graphic reading)
3. സ്വന്തം ആശങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രം വര, നിർമ്മാണം) പ്രകടിപ്പിക്കുന്നു.
4. പാഠഭാഗത്തുനിന്ന് ലിപികൾ തിരിച്ചറിഞ്ഞ് നിശ്ചിത പദങ്ങൾ കണ്ടെത്തുകയും വായിക്കുകയും ചെയ്യുന്നു.
5. പാട്ടുകൾ ഈണത്തോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.
6. കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.
7. സ്വായത്തായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു.
8. ചിത്രങ്ങൾ നിരീക്ഷിച്ചും കാര്യങ്ങൾ കേട്ടും ആശയങ്ങൾ ഗ്രഹിക്കുന്നു, വാചികമായി പ്രകടിപ്പിക്കുന്നു.
9. വാക്യങ്ങൾ, അക്ഷരങ്ങൾ എന്നിവയുടെ ഗ്രാഫ് നിരീക്ഷിച്ചും ഉച്ചാരണം ശ്രവിച്ചും ആശയം ഗ്രഹിക്കുകയും വായിക്കുകയും ചെയ്യുന്നു.
10. പാട്ടുകളിലെ ഈണം, താളം എന്നിവ തിരിച്ചറിഞ്ഞ് ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.

11. വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുന്നു.

12. ഓരോ യൂണിറ്റിലേയും ആശയങ്ങൾ ഗ്രഹിക്കുന്നു.

13. ലഘുചോദ്യങ്ങൾ ചോദിക്കുന്നു.

14. അക്ഷരങ്ങളിലെ ശബ്ദവ്യത്യാസം തിരിച്ചറിയുന്നു, വ്യക്തമായി ഉച്ചരിക്കുന്നു.

15. അക്ഷരങ്ങൾ, പദങ്ങൾ എന്നിവയുടെ ശബ്ദവും ലിപിരൂപവും തിരിച്ചറിഞ്ഞ് വായിക്കുന്നു, എഴുതുന്നു.

16. തെറ്റു കൂടാതെ ആശയം ചോരാതെ എഴുതുന്നു, വായിക്കുന്നു.

17. അക്ഷരങ്ങളും, കൂട്ടക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കുന്നു.

18. വായനസാമഗ്രികൾ വായിച്ച് കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കുന്നു.

## English

1. Comprehends and enjoys simple stories.
2. Follows instructions and acts accordingly.
3. Comprehends songs and sings rhythmically with actions.
4. Describes pictures/ objects orally using appropriate colour, size and shape.
5. Counts up to 5.
6. Speaks about characters in the story .
7. Gets familiarized with words like ‘ ant’, ‘big’. ‘small’, ‘happy’, ‘sad’, ‘up’, ‘down’, ‘see-saw’, ‘park’, ‘swing’, ‘play’ etc.
8. Differentiates size and position of objects.
9. Identifies and responds to questions with ‘ what’, ‘who’, and ‘ when’.
10. Understands one’s own abilities and disabilities.
11. Identifies the names of different birds and their young ones.
12. Identifies and reads words like hen, duckling, chick, swim, butterfly, worm, egg etc.
13. Counts numbers up to 10.
14. Gets familiarized how words are pronounced differently when a single consonant is changed.
15. Gets the concept of colours.
16. Describes an action using appropriate action words.
17. Makes simple suggestions.
18. Develop idea about the importance of friendship.

19. Understands that everyone has merits of their own.
20. Develops vocabulary related to body parts of animals.
21. Responds meaningfully in the English language.
22. Understands the relevance of family bondage and the care each member gives to others.
23. Understands the part of vehicles like bicycle and days in a week
24. Develops idea about family relationships.
25. Choreographs the songs.
26. Prepares concept maps on family relations and birds.
27. Describes a person/ object using proper adjectives.
28. Writes similar lines based on a theme.
29. Responds meaningfully to initiations in a dialogue / conversation.
30. Enjoys and sings poems with actions and rhythm.

# ലക്ഷ്യങ്ങൾ

## ഗണിതം

1. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ ഉപയോഗിക്കുന്നു
(വലുത്/ചെറുത്, ഉയരം കൂടിയത്/കുറഞ്ഞത്, നീളം കൂടിയത്/ കുറഞ്ഞത്, കൂടുതൽ എണ്ണം/ കുറവ് എണ്ണം)
2. സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കുന്നതിന് ഏറ്റവും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു.
( അകത്ത്/ പുറത്ത്, മുകളിൽ/ താഴെ, വലത്ത്/ ഇടത്ത്, മുന്നിൽ/ പിന്നിൽ, അടുത്ത്/ അകലെ)
3. വസ്തുക്കളെ കൂട്ടങ്ങളാക്കി താരതമ്യം ചെയ്യുന്നു.
(വലിയ കൂട്ടം/ ചെറിയ കൂട്ടം)
4. കൂട്ടത്തിൽ എത്രയുണ്ട് എന്നറിയാൻ എണ്ണിനോക്കുന്നു, എണ്ണുന്നതിന് സംഖ്യകൾ ഉപയോഗിക്കുന്നു.
5. ഒന്നു മുതൽ അഞ്ചുവരെ സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.
6. കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം വസ്തുക്കൾ എണ്ണിയെടുക്കുന്നു.( 1 മുതൽ 9 വരെ )
7. 6 മുതൽ 9 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
8. 1 മുതൽ 9 വരെ സംഖ്യകളെ താരതമ്യം ചെയ്യുന്നു.
( വലുത്/ ചെറുത് )
9. ഒരു നിശ്ചിത സംഖ്യയെ രണ്ടു സംഖ്യകളുടെ തുകയായി വ്യത്യസ്തരീതിയിൽ എഴുതാൻ സാധിക്കുന്നു.

10.ഒരു കൂട്ടത്തിൽ നിന്ന് ചെറിയ കൂട്ടം എടുത്തു മാറ്റിയാൽ ബാക്കി കണക്കാക്കുന്ന ക്രിയ എന്ന രീതിയിൽ വ്യവകലനത്തെ വിശദീകരിക്കുന്നു.

11. വ്യവകലത്തെ സൂചിപ്പിക്കുന്ന വിവിധ ഭാഷാ പദങ്ങൾ ( ബാക്കി , കുറയ്ക്കുക, എടുത്തു മാറ്റുക,....) തിരിച്ചറിയുന്നു.

12. –, = എന്നീ ചിഹ്നങ്ങൾ ചേർത്ത് എഴുതിയ ഗണിത പ്രസ്താവനകളെ വാചികമായി പ്രസ്താവിക്കുന്നു.

13.സങ്കലനം, വ്യവകലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

14.ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തൊട്ടടുത്ത സംഖ്യ ലഭിക്കുമെന്ന് തിരിച്ചറിയുന്നു.

15.തുടർച്ചയായ സംഖ്യകളിൽ ഒന്നിടവിട്ട സംഖ്യകൾ ലഭിക്കുന്നത് രണ്ടു വീതം കൂട്ടിയിട്ടാണെന്ന് തിരിച്ചറിയുന്നു.

16.കുറയ്ക്കുക എന്ന ക്രിയയിലൂടെ പൂജ്യത്തെ തിരിച്ചറിഞ്ഞ് വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

17.ഒരു കൂട്ടത്തിൽ നിന്ന് മുഴുവൻ എടുത്തുമാറ്റിയാൽ ബാക്കി ഒന്നും ഉണ്ടാവുകയില്ല എന്ന രീതിയിൽ പൂജ്യത്തെ വിശദീകരിക്കുന്നു.

18.ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണി എടുക്കുന്നു( 19 വരെ)

19.20 – ൽ താഴെയുള്ള സംഖ്യകൾ വായിക്കുന്നു, എഴുതുന്നു.

20. ഒരു സംഖ്യക്ക് മുമ്പും ശേഷവും ഉള്ള സംഖ്യ കണ്ടെത്തുന്നു.

21. ഒന്നിടവിട്ട രണ്ടു സംഖ്യകൾക്കിടയിലെ സംഖ്യ കണ്ടെത്തുന്നു.

22. ക്രമം സൂചിപ്പിക്കുന്നതിന് സംഖ്യകൾ ഉപയോഗിക്കുന്നു
23. ഒരു കൂട്ടത്തെ നിശ്ചിത എണ്ണം വീതമുള്ള രണ്ട് കൂട്ടങ്ങളാക്കുന്നു.
24. 99 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
25. 20 വരെയുള്ള സംഖ്യകളെ വ്യത്യസ്ത തരത്തിൽ വ്യാഖ്യാനിക്കുന്നു.
26. ഒരു കൂട്ടത്തിൽ നിന്ന് ന്ശ്ചിത എണ്ണം (99 വരെ) വസ്തുക്കൾ എണ്ണിയെടുക്കുന്നു.
27. ക്രമം സൂചിപ്പിക്കുന്നതിന് സംഖ്യകൾ ഉപയോഗിക്കുന്നു.
28. സംഖ്യകളെ താരതമ്യം ചെയ്യുകയും വലുപ്പമനുസരിച്ച് (99 വരെ) ക്രമീകരിക്കുകയും ചെയ്യുന്നു.
29. രണ്ടു സംഖ്യകളുടെ തുക കാണുന്നതിന് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു (30 വരെ തുക ലഭിക്കുന്നു)
30. 20 ൽ താഴെയുള്ള ഏതൊരു സംഖ്യയെയും അതിൽ താഴെയുള്ള വിവിധ സംഖ്യകളുടെ തുകയായി വ്യത്യസ്ത രീതികളിൽ എഴുതുന്നു.
31.സംഖ്യാ പാറ്റേണുകൾ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു.
32. വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു.
33. നീളം കൂടിയത് കുറഞ്ഞത് തിരിച്ചറിയുന്നു. അംഗീകൃതമല്ലാത്ത ഏകകം ഉപയോഗിച്ച് നീളം അളക്കുന്നു.

34. കറൻസികളും നാണയങ്ങളും ഉപയോഗിച്ച് ക്രയവിക്രയം നടത്തുന്നു. (30 വരെ)

35. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്തി വിശദീകരിക്കുന്നു.

36. നാണയങ്ങൾക്ക് കറൻസിനോട്ടുമായുള്ള ബന്ധം കണ്ടെത്തി ക്രയവിക്രയങ്ങളിൽ ഉപയോഗിക്കുന്നു.

37. ഒരു കറൻസിനോട്ടിന് മറ്റു കറൻസി നോട്ടുകളുമായുള്ള ബന്ധം കണ്ടെത്തി വിശദീകരിക്കുന്നു.

38. ക്രയവിക്രയങ്ങളിൽ സങ്കലന- വ്യവകലന ക്രിയകൾ ഉചിതമായി ഉപയോഗിക്കുന്നു.

39. സമയത്തെ രാവിലെ, ഉച്ചയ്ക്ക്, വൈകീട്ട്, രാത്രി എന്നീ പദങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കുന്നു.

40. കൂടുതൽ സമയം വേണ്ട പ്രവർത്തനങ്ങളും കുറഞ്ഞ സമയം വേണ്ട പ്രവർത്തനങ്ങളും താരതമ്യം ചെയ്യുന്നു.

41.സംഭവങ്ങൾ നടന്ന ക്രമം സമയവുമായി ബന്ധപ്പെട്ട പദങ്ങൾ ഉപയോഗിച്ച് ചിട്ടയായി അവതരിപ്പിക്കുന്നു.

42. ദിവസങ്ങളുടെയും മാസങ്ങളുടെയും പേരുകൾ ക്രമമായി പറയുന്നു.

## പരിസരപഠനം

1. വീടിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
2. വീട്ടിൽ ആവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് യുക്തിപൂർവം പറയുന്നു.
3. വിവിധ വീട്ടുപകരണങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിയുകയും തരംതിരിക്കുകയും യുക്തി വിശദമാക്കുകയും ചെയ്യുന്നു.
4. വീട്ടിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ ജോലികളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മനസ്സിലാക്കി വിശദമാക്കുന്നു.
5. മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വിവിധരീതിയിൽ അവതരിപ്പിക്കാൻ കഴിയുന്നു.
6. ജലജീവികളെക്കുറിച്ച് കണ്ടെത്തിയ കാര്യങ്ങൾ വ്യത്യസ്ത രീതികളിൽ ആശയവിനിമയം ചെയ്യുന്നു.
7. ജലവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു,കണ്ടെത്തലുകൾ വിശദീകരിക്കുന്നു.
8. ജലോപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
9. സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുന്നു.
10. സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയിലെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
11. സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

12. സസ്യങ്ങൾക്ക് വിവിധ ഭാഗങ്ങളുണ്ടെന്ന് നിരീക്ഷണത്തിലൂടെ വിശദമാക്കുന്നു.
13. ആഹാരത്തിൽ പഴങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത യുക്തിപൂർവം വിശദമാക്കുന്നു.
14. ശേഖരിച്ച വസ്തുക്കൾ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്നു.
15. വിവിധ ആഘോഷങ്ങളുണ്ടെന്ന് തിരിച്ചറിയുന്നു.
16. വിവിധ ആഘോഷങ്ങളുടെ ഒരുക്കൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു. വാചികമായി പ്രകടിപ്പിക്കുന്നു.
17. വിദ്യാലയത്തിലും ചുറ്റുപാടും നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കുന്നു.
18. ആഘോഷങ്ങളുമായി ബന്ധപ്പെട്ട കളികൾ തിരിച്ചറിഞ്ഞ് കളിയുടെ നിയമം പാലിച്ച് കളിക്കുന്നു.
19. പ്രധാന ദേശീയ ദിനാഘോഷങ്ങൾ ഏതൊക്കെയെന്ന് പറയുന്നു, എഴുതുന്നു.
20. വിവിധ ഭക്ഷ്യവസ്തുക്കൾ പട്ടികപ്പെടുത്തുന്നു.
21. ജീവികളുടെ ആഹാരം ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
22. വിവിധ ആഹാരവസ്തുക്കളുടെ സവിശേഷതകൾ കണ്ടെത്തി പറയുന്നു.
23. ആഹാരവും ആരോഗ്യവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
24. നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു.

25. ആരോഗ്യസംരക്ഷണത്തിൽ വ്യക്തി ശുചിത്വത്തിനുള്ള പ്രാധാന്യം തിരിച്ചറിയുന്നു, പാലിക്കുന്നു.

26. ജീവികളെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി പറയുന്നു, എഴുതുന്നു.

27. ജീവികളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് മാനദണ്ഡങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു, വർഗീകരിക്കുന്നു.

28. ജീവികളുടെ പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപികരിച്ച് എഴുതുന്നു.

29. ജീവികളെക്കുറിച്ച് രൂപികരിച്ച ആശയങ്ങൾ വ്യത്യസ്തരൂപങ്ങളെ അവതരിപ്പിക്കുന്നു.

30. വിവിധ വിളകളുടെ പേരുകൾ, പട്ടികപ്പെടുത്തുന്നു. ആഹാരത്തിനും വരുമാനത്തിനും വേണ്ടി കൃഷി ചെയ്യുന്നു എന്നു തിരിച്ചറിയുകയും ധാരണകൾ വാചികമായും എഴുതിയും പങ്കുവയ്ക്കുകയും ചെയ്യുന്നു.

31.കാർഷികോപകരണങ്ങളെ വർഗീകരിക്കുന്നു.

32. കൃഷിക്കുപയോഗിക്കുന്ന യന്ത്രങ്ങളെ പട്ടികപ്പെടുത്തുകയും ഉപയോഗങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു.

33. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെട്ടുകയും കണ്ടെത്തലുകൾ വാചികമായി അവതരിപ്പിക്കുകയും ചെയ്യുന്നു. ( വിത്ത് മുളപ്പിക്കൽ)

34. വിവിധ വാഹനങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.

35. വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസങ്ങളും സവിശേഷതകളും കണ്ടെത്തി പറയുന്നു.

36. സാമ്യവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളനുസരിച്ച് വർഗീകരിക്കുന്നു.

37. വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപികരിച്ച് എഴുതുന്നു.

38. റോഡ്നിയമങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നു.

39. വിവരവിനിമയ ഉപകരണങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.

40. ചോദ്യങ്ങൾ ചോദിച്ചും വിശകലനം നടത്തിയും സ്വന്തം ധാരണകൾ മെച്ചപ്പെടുത്തുന്നു.

41.ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുകയും കണ്ടെത്തലുകൾ വാചികമായി അവതരിപ്പിക്കുകയും ചെയ്യുന്നു.

42. ചോദ്യങ്ങൾ ചോദിച്ചും വിശകലനം നടത്തിയും സ്വന്തം ധാരണകൾ മെച്ചപ്പെടുത്തി പൊതുസ്ഥാപനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു/എഴുതുന്നു

43. വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കുട്ടികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും രക്ഷിതാക്കളുടെയും ഒത്തൊരു ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25
Std II

ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ ഉറപ്പിക്കാൻ കുട്ടികളിൽ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗ്ഗാത്മകമേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ്സ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത് എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാതലങ്ങളിലും വികസിതരായി തീരണം അതാണ് ലക്ഷ്യം.

പ്രവർത്തനലക്ഷ്യങ്ങൾ

ഭാഷ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

ഗണിതം - പ്രവർത്തന ലക്ഷ്യങ്ങൾ

* സംഖ്യകൾ വായിക്കൽ, എഴുതൽ, ക്രമീകരിച്ച് പറയൽ, പരസ്പര ബന്ധം കണ്ടെത്തൽ എന്നീ ശേഷികൾ നേടിയെടുക്കൽ
* സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കൽ
* കലണ്ടർ പരിചയപ്പെടുത്തുക, കലണ്ടർ പാറ്റേൺ തിരിച്ചറിയുക, മാസങ്ങൾ, ദിവസങ്ങൾ തിയ്യതി എന്നിവ കണ്ടെത്താനുള്ള കഴിവ് നേടുക
* +, − ഉൾപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടുക. യുക്തി സമർത്ഥനത്തിനുള്ള അവസരം നൽകുക.
പ്രശ്ന പരിഹരണ ശേഷി, ക്രിയാശേഷി നേടിയെടുക്കുക.
* ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുക സവിശേഷതകൾ മനസ്സിലാക്കുക.
ക്രിയാഫലങ്ങൾ മനക്കണക്കായി പറയുക.
* പ്രശ്നം വ്യത്യസ്ത രീതിയിൽ പരിഹരിക്കാനുള്ള കഴിവ് നേടുക
* പ്രശ്നാപഗ്രഥനം, മതിച്ചു പറയൽ, മനക്കണക്കായി പറയൽ എന്നീ കഴിവുകൾ നേടിയെടുക്കുക
* ഊഹിക്കൽ, അളക്കൽ, നിഗമന രൂപീകരണം, ദത്തങ്ങൾ വിശകലനം ചെയ്യൽ എന്നീ കഴിവുകൾ നേടുക.

## English

conducting Pre-test and recognises the achivement level of the learners:

Learning out comes:

The learner will be able to:

- comprehend end enjoy simple stories and poems
- Follow instructions and engage in language games.
- To develop communication skill in English
- To speak and write English using simple words.
- Introduce himself / herself and others
- Prepare concept maps.
- Engage in role play / enact conversations.

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.

കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും ചിന്തുന്നു കുട്ടിക്ക് ലഭ്യമാകുന്നതിന് ഉള്ള അവസരമുണ്ടാക്കുന്നു

### മലയാളം

### ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)

വരുന്ന സചിത്ര പാഠപുസ്തകം തയ്യാറാക്കൽ

* ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

വ്യഞ്ജനാക്ഷരങ്ങളും സ്വരാക്ഷരങ്ങളും ഉൾപ്പെടുത്തി സചിത്ര ഉപപാഠപുസ്തകം തയ്യാറാക്കുന്നു

ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സചിത്ര ഡയറി തയ്യാറാക്കുന്നു.

രക്ഷിതാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു.

June 19 വായനോത്സവം രചനോത്സവം സംഘടിപ്പിക്കൽ. ബാലസാഹിത്യ കൃതികൾ പരിചയപ്പെടുത്തൽ

ജൂലായ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ്സ്ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ

എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ

~~July 1 ഡോക്ടേഴ്സ്~~

* July 1 ഡോക്ടേഴ്സ് ഡേ ബോധവൽക്കരണ ക്ലാസ്സ്
* ജൂലായ് 26 APJ അബ്ദുൾ കലാം സൂക്തങ്ങൾ അവതരണം.
* കുട്ടിപ്പുര എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് വീട് നിർമ്മാണം ക്ഷണക്കത്ത് തയ്യാറാക്കൽ
* വീട് നിർമ്മാണ പ്രവർത്തനങ്ങൾ – സചിത്ര പാഠപുസ്തകം തയ്യാറാക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ്സ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടുലൈബ്രറി ഒരുക്കൽ
* ചിത്രവിവരണം
* വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.
  ഭാഷാ വികാസമേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽനിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ
* പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം, ഭാഷണം ലേഖനം എന്നിവയ്ക്ക് അവസരമൊരുക്കൽ
* ഈ തെളിമ് ശിക്ഷയിലെ ഒന്നാം പാഠത്തെ ആസ്പദമാക്കി സചിത്ര നോട്ട്ബുക്ക് തയ്യാറാക്കൽ
  ഉപപാഠം — പ്ലാവ് — വിവരണം.
  (ങ്ങ) (പ്ല) (പ്ലാ) (ങ്ങ) അക്ഷരങ്ങൾക്ക് ഊന്നൽ നൽകൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ ഉൾപ്പെടെ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ
* വിവിധ പതിപ്പുകൾ തയ്യാറാക്കൽ
* ആന - ആൽബം തയ്യാറാക്കുന്നതിന് അവസരമൊരുക്കൽ

ആന - വായനാകാർഡുകൾ ഒരുക്കുന്നു

ഉദാ: ആന

വലിയ ആന

കറുത്ത വലിയ ആന

* കുട്ടികൾക്ക് അഭിനയത്തിന് അവസരം നൽകുന്നു

അരങ്ങ് സംഘടിപ്പിക്കുന്നു.

* കുട്ടികളുടെ രചനകളടങ്ങുന്ന പതിപ്പ് തയ്യാറാക്കുന്നു.

അവയുടെ പ്രകാശനം

പാഠഭാഗത്തിന്റെ ആശയവുമായി ബന്ധപ്പെട്ട വായനാകാർഡ് തയ്യാറാക്കുന്നു. ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു

## നവംബർ

* കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കുന്നു
* എന്റെ വളരുന്ന സചിത്ര പുസ്തകം തയ്യാറാക്കുന്നു.

ദിനാചരണവുമായി ബന്ധപ്പെട്ട സ്വതന്ത്രരചനകൾ

* നടത്തുന്നു
* ദിനാചരണവുമായി ബന്ധപ്പെട്ട് ഡയറി എഴുതൽ

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ ഉയർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.
* വ്യവഹാരരൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു.
* സ്വതന്ത്രരചനയുടെ വ്യത്യസ്തസാധ്യതകൾ കണ്ടെത്തുന്നു
* ഭാഷാവികസനശേഷി ഉറപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ജനുവരി

* സചിത്ര നോട്ടുബുക്കിൽ ചെറിയ വിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു.
* സ്വതന്ത്രരചനയിലൂടെ അറിയിപ്പുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കുന്നു
* സചിത്രഡയറി വികസിപ്പിക്കുന്നു.
* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ (കവിതാപൂരണം.)
* ലഘുവിവരണങ്ങൾ, ചോദ്യോത്തരങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ
* അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരമൊരുക്കൽ
*

ഫെബ്രുവരി

* എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, വായന, ലേഖനം)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ
* അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരമൊരുക്കൽ
* സചിത്ര പുസ്തകം പ്രയോജനപ്പെടുത്തി വിവരണം തയ്യാറാക്കൽ

സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകൽ (കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ)

* വിട്ടുപോയ ഭാഗങ്ങളിൽ ചിഹ്നങ്ങൾ ചേർത്ത് എഴുതി കഥ പൂർത്തിയാക്കൽ

കഥ, കവിത, എന്നിവ വായിച്ച് ആശയം അവതരിപ്പിക്കൽ

* കുഞ്ഞുകഥ സ്വയം നിർമ്മിക്കൽ
* ബാലസാഹിത്യകൃതികൾ വായിച്ച് ലഘുകുറിപ്പ് തയ്യാറാക്കൽ

മാർച്ച്

* കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കൽ
* ചിത്രകഥകൾ വായിക്കൽ അമ്മ വായന (ക്ലാസ്സ് ലൈബ്രറി വായനശാല പ്രയോജനപ്പെടുത്തൽ)
* ലഘുനോട്ടീസ്; അറിയിപ്പ് തയ്യാറാക്കൽ
* ക്ലാസ് P.T.A ബാലസഭ എന്നിവയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കൽ

വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* നവമാധ്യമങ്ങളിലും P-T-A മീറ്റിംഗുകളിലും പരിപാടി അവതരിപ്പിക്കുന്നതിന് അവസരമൊരുക്കൽ

~~ഗണിതം - പ്രവർത്തന ലക്ഷ്യങ്ങൾ~~

## ഗണിതം

പ്രീടെസ്റ്റ്

- 1 മുതൽ 100 വരെയുള്ള സംഖ്യകൾ, വായിക്കാനും, എഴുതാനും എണ്ണിയെടുക്കാനുമുള്ള കഴിവ്
- 1 മുതൽ 30 വരെ സംഖ്യകളെ വ്യാഖ്യാനിക്കൽ
- സങ്കലന വ്യവകലന ക്രിയകൾ

### ജൂൺ

* ചിത്രകാർഡുകൾ ഉപയോഗിച്ച് എണ്ണാനും, സംഖ്യകൾ വായിക്കാനും
* 10 ന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ നിരീക്ഷിച്ച് എണ്ണി പറയൽ, സംഖ്യ എഴുതൽ, കളികളിൽ ഏർപ്പെടൽ

കളികളുടെ ഭാഗമായി സംഖ്യകളെ താരതമ്യം ചെയ്ത് രണ്ട് സംഖ്യകളിൽനിന്ന്, വലുത് ചെറുത് കണ്ടെത്തൽ, ആരോഹണാവരോഹണ ക്രമത്തിൽ എഴുതൽ

* പ്രായോഗിക സന്ദർഭങ്ങൾ വിശകലനം ചെയ്ത് വസ്തുക്കൾ ഉപയോഗിച്ചും, രണ്ടക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ

സങ്കലന, വ്യവകലന ക്രിയകൾ ചെയ്യൽ

## ജൂലായ്

* കലണ്ടർ നിരീക്ഷിക്കൽ മാസം, തീയതി കണ്ടെത്തൽ, സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ
* വിവിധ ജ്യാമിതീയ രൂപങ്ങൾ, നിരീക്ഷിക്കാനും, തിരിച്ചറിയാനും
* സംഖ്യകളെ നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് വ്യാഖ്യാനിക്കുക, അക്ഷരത്തിലെഴുതുക
അബാക്കസിൽ സംഖ്യകൾ ചിത്രീകരിക്കുന്നു, പരസ്പര ബന്ധം കണ്ടെത്തുന്നു താരതമ്യം ചെയ്യുന്നു
* നോട്ടുകളും നാണയങ്ങളും തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്നു

## ആഗസ്റ്റ്

* തീപ്പെട്ടിക്കൂടുകളും മുത്തും ഉപയോഗിച്ച് 1 കളുടെ കൂട്ടങ്ങൾ ചേർത്ത് 10 ന്റെ കൂട്ടങ്ങളാക്കി ക്രമീകരിക്കുന്നതിന്റെ ഉത്തരം കണ്ടെത്തൽ
* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. വസ്തുക്കൾ, കറൻസികൾ എന്നിവ ഉപയോഗിച്ച് നിർധാരണം ചെയ്യുന്നു. നിഗമനം രൂപീകരിക്കുന്നു.
* പാറ്റേണിലെ സംഖ്യകളുടെ പരസ്പരബന്ധം കണ്ടെത്തുന്നു, പാറ്റേൺ പൂർത്തിയാക്കുന്നു.
* രണ്ടക്ക സംഖ്യയിൽ നിന്ന് ഒരക്ക സംഖ്യ കുറയ്ക്കാനുള്ള പ്രവർത്തനം
* അബാക്കസിൽ സംഖ്യകൾ ക്രമീകരിക്കാനും സ്ഥാനം തിരിച്ചറിയാനും സ്ഥാനവില ഉറപ്പിക്കാനും ഉള്ള പ്രവർത്തനം

## സെപ്റ്റംബർ

* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യൽ, നിർധാരണം ചെയ്യൽ, നിഗമനം രൂപീകരിക്കൽ
* രണ്ടക്കസംഖ്യകൾ രൂപീകരിക്കാനും സംഖ്യാബന്ധങ്ങൾ കണ്ടെത്തി നിഗമനം രൂപീകരിക്കാനും, കണ്ടെത്തലിന്റെ യുക്തി വിശദീകരിക്കാനും
* പട്ടിക വിശകലനം ചെയ്യുന്നു, വിവരങ്ങൾ കണ്ടെത്തുന്നു പ്രശ്നനിർധാരണം നടത്തുന്നു

10 ന്റെയും 1 ന്റെയും കൂട്ടങ്ങൾ നിരീക്ഷിച്ച് എണ്ണം പറയൽ

* കളികളിലൂടെ അക്കങ്ങൾ കൊണ്ട് സംഖ്യകൾ രൂപീകരിക്കുന്നു ധാരണവ്യം ചെയ്ത പരസ്പരബന്ധം കണ്ടെത്തുന്നു. നിഗമനം രൂപീകരിക്കുന്നു
* കളികളുടെയും ആഖ്യാനത്തിന്റെയും ഭാഗമായി വസ്തുക്കളെ 100 ന്റെ കൂട്ടങ്ങളാക്കുന്നു

കമ്പുകെട്ടുകൾ, കളിനോട്ടുകൾ സംഖ്യാകാർഡുകൾ എന്നിവ ഉപയോഗിച്ച് സംഖ്യകളുടെ തുക കണ്ടെത്തുന്നു

## ഒക്ടോബർ

* പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു. നിർധാരണം ചെയ്യുന്നു.
* കലണ്ടർ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നു
* കലണ്ടർ നിരീക്ഷിക്കുന്നു. സംഖ്യാബന്ധങ്ങൾ കണ്ടെത്തുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.
* രണ്ടക്കസംഖ്യകളെ വ്യാഖ്യാനിക്കൽ,
* 100 ന്റെ കൂട്ടങ്ങളെ എഴുതാനും വായിക്കാനുമുള്ള ആശയധാരണ നേടുന്നു ക്രമീകരിക്കുന്നു.

## നവംബർ

* സംഖ്യകൾ താരതമ്യം ചെയ്യുന്നു. ക്രമീകരിക്കുന്നു.
* ഗുണനക്കെട്ടുകൾ, ചിഹ്നങ്ങൾ ഉപയോഗിച്ച് ഗുണിക്കുന്നു.
* സംഖ്യാബന്ധങ്ങൾ കണ്ടെത്തുന്ന പാറ്റേൺ പൂർത്തിയാക്കുന്നു
* പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്ന് നിർധാരണം ചെയ്യുന്നു.
* വസ്തുക്കളുടെ നീളം അളക്കൽ താരതമ്യം ചെയ്യൽ ഒരു വസ്തുവിന്റെ നീളം / ഉയരം ഊഹിച്ചു പറയുന്നു. അളന്നു നോക്കുന്നു
* സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നു. വ്യവകലനവുമായി ബന്ധപ്പെട്ട ആശയധാരണ, ക്രിയ ചെയ്യുന്നതിന്റെ യുക്തികണ്ടെത്തൽ, പ്രശ്നപരിഹരണ ശേഷി എന്നിവ നേടുന്നു.

## ഡിസംബർ

* അംഗീകൃതമല്ലാത്ത അളവുകോലുകൾ ഉപയോഗിച്ചു നീളം അളക്കാനും, പാത്രങ്ങളിലെ ജലത്തിന്റെ അളവ് ഊഹിക്കാനും, ഉള്ള പ്രവർത്തനം ഊഹിക്കൽ, അളക്കൽ, നിഗമന രൂപീകരണം വിശകലനം ചെയ്ത്, പട്ടികപ്പെടുത്തുന്നു
* കച്ചവട സന്ദർഭവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. ക്രിയ രീതി കണ്ടെത്തുന്നു.
* കലണ്ടർ നോക്കി ഓരോ മാസത്തിലെയും ദിവസങ്ങളുടെ എണ്ണം കണ്ടെത്തൽ, പട്ടികപ്പെടുത്തൽ

## ജനുവരി

* വിവിധ വസ്തുക്കളുടെ ഭാരം ഊഹിക്കൽ
* കളിത്രാസ് നിർമ്മിക്കൽ, ഉപയോഗിക്കൽ
* കച്ചവടക്കളിയിലൂടെ ക്രയവിക്രയം നടത്തുന്നു
* സംഖ്യാബന്ധങ്ങൾ കണ്ടെത്തി പാറ്റേൺ പൂർത്തിയാക്കുന്നു.
* സംഖ്യകൾ എഴുതുന്നു- പരസ്പരബന്ധം കണ്ടെത്തുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.

## ഫെബ്രുവരി

* ആവർത്തന സങ്കലനമാണ് ഗുണനം എന്ന് ആശയം അവതരിപ്പിക്കുന്നു.
* ഗുണനവസ്തുതകൾ രൂപീകരിക്കുന്നു 2,5,10 പട്ടികപ്പെടുത്തുന്നു, ക്രമീകരിക്കുന്നു, ചിത്രീകരിക്കുന്നു
* വ്യാഖ്യാനിക്കൽ, അപഗ്രഥിക്കൽ, നിഗമനം രൂപീകരിക്കൽ

## മാർച്ച്

* തുല്യ എണ്ണമുള്ള നിശ്ചിത കൂട്ടങ്ങൾ ചേർത്ത് പ്രശ്ന പരിഹാരം നടത്തുന്നു. (ഗുണനം)
* സമയം പ്രയോജനപ്പെടുത്തി വിവരണം നടത്തുന്നു.
* കലണ്ടറിൽ നിന്നും പരിസരങ്ങളിൽ നിന്നും സമയം തിരിച്ചറിയാൻ കഴിയുന്നു.
* ഗുണനത്തിന്റെ ആശയം ഉപയോഗിച്ച് രണ്ടക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഗുണനം, പ്രശ്ന പരിഹാരശേഷി, ക്രിയാശേഷി വിലയിരുത്തുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - III

വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമാ-യ വികാസം [illegible] ബന്ധം [illegible]-ത്തിൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് വാക്കുകൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കുക വായനാ കാർഡ് പുസ്തകങ്ങൾ വായിച്ച് വാക്കുകൾ വാക്യങ്ങൾ കണ്ടെത്തി എഴുതുക | ആഗസ്റ്റ് - ഒക്ടോബർ | ക്ലാസ് ടീച്ചർ പി.ടി.എ |
| സർഗാത്മകത വികസനം ഓരോ ദിവസത്തെയും അനുഭവങ്ങൾ ഉൾപ്പെടുത്തി സർഗാത്മകമായി ഡയറി എഴുതാനാകുന്നു | സർഗാത്മകയുള്ള കൃതി വായന എഴുത്ത് വിനോദങ്ങൾക്ക് പ്രാധാന്യം [illegible] | ജൂലൈ - മാർച്ച് | ജൂലൈ - മാർച്ച് ക്ലാസധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| വായിക്കാം വായനശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല ക്ലാസ്സിലെ വേറി രൂപീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തകചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനക്കുറിപ്പ് പതിപ്പ്<br>സ്കൂൾ സഭ<br>ബാലസഭ | 6 മാസം | ക്ലാസ്! |
| കഥ പറയൽ | കഥകൾ അസംബ്ലിയിലോ ബാലസഭയിലോ അവതരിപ്പിക്കൽ | ആഗസ്റ്റ് – മാർച്ച് | ക്ലാസ് ടീ രക്ഷിത |

| പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| വ്യക്തി ശുചിത്വം<br>പരിസര ശുചിത്വം | ദിനകൃത്യങ്ങൾ | ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ്തല ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധനച്ചുമതല നൽകുന്നു | ജൂൺ – മാർച്ച് |
| | | പരിസര ശുചിത്വവുമായി ബന്ധപ്പെട്ട് ക്ലാസും പരിസരവും വൃത്തിയുള്ളതായിരിക്കാൻ ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങൾ കണ്ടെത്തി ചെയ്യുന്നു. | ജൂലൈ – മാർച്ച് |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും പരീക്ഷണ കഴിവും വളർത്തുക | പരീക്ഷണങ്ങൾ | ശാസ്ത്രകാരന്മാർ നടത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ഡിസംബർ – ഫെബ്രുവരി |

# English

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| Identify the Rhyming words & colour each pair. | Rhyming words. | * Teacher shows Activity. * Identify the Rhyming words * Same Rhyming words and give the same colour. | Ju |
| Describes the pictures. | picture Description. | The teacher shows a picture Discussion The ~~teac~~ children talk about the picture. show learners. Gives opportunity to express their idea in malayalam. | Ju |
| Add More exchanges to the conversation suitable to the context | Conversation | * Reading the conversation * conversation is acting with friends. Add More exchanges to the conversation show learners. | Ju |
| Add lines to a poem following set pattern. | Add More lines. | Plays the audio of song. Let the learner sing after the audio Add lines to the poem. | Ju |

| | | | |
|---|---|---|---|
| Reads and understands the given Stories and poem | Let's read | Provides the opportunity to read simple stories and Poem<br>They tell the story they read. | Augu |
| write story based picture. | write. Story | * Teacher shows a picture<br>* learners describe the scene.<br>* All Ideas created in making story.<br>* write the story. | Augu |
| story based write Thoughts | Thoughts. | Teacher ask some question Related story.<br>learners idea created<br>write the thoughts | |

# പരിസരപഠനം . STD - III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള സസ്യങ്ങൾ, ജീവികൾ എന്നിവയെ നിരീക്ഷിക്കുന്നു. പ്രത്യേകതകൾ മനസ്സിലാക്കുന്നു. മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ. വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| സംഖ്യാബോധം (1-100 സംഖ്യകൾ എണ്ണുന്നു എഴുതുന്നു) | * നറുക്കെടുക്കാം<br>* 10 ചാണത്തിൽ<br>* പാറ്റേൺ പൂർത്തിയാക്കാം.<br>* കളത്തിലാക്കാം | * സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>* കിട്ടിയ സംഖ്യ വായിക്കാം.<br>* മറ്റുള്ളവർ സംഖ്യ എഴുതുന്നു<br>* കിട്ടിയ സംഖ്യക്ക് ശേഷം വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.<br>വിവിധ പാറ്റേൺ പൂർത്തിയാക്കൽ<br>ആരോഹണം, അവരോഹണം | [illegible] |
| ഇനങ്ങൾ / സംഖ്യകളെ വ്യാഖ്യാനിക്കൽ | * കൂട്ടങ്ങളാക്കാം<br>* സംഖ്യാ സൂര്യൻ<br>* ക്രമീകരിക്കാം. | * ഒന്നിച്ചുള്ള ഇനങ്ങൾ എഴുതി. അവയെ 10,1,100 ന്റെ കൂട്ടങ്ങളാക്കി തിരിക്കുന്നു.<br>* ഇനങ്ങൾ സംഖ്യ എഴുതിയതിനെ വ്യത്യസ്തരീതിയിൽ മാറ്റി എഴുതുന്നു.<br>* സംഖ്യകളെ അക്കങ്ങളിൽ വ്യാഖ്യാനിക്കുന്നു, സംഖ്യകൾ നിർമ്മിക്കുന്നു. | [illegible] |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട / കച്ചവടകളം | കുട്ടികളുടെ സാധനങ്ങൾ ഉപയോഗിച്ച് കട നിർമ്മിക്കുന്നു. വില നിശ്ചയിക്കുന്നു. സാധനങ്ങൾ വാങ്ങലും പണം കൊടുത്ത് കച്ചവടം നടക്കുന്നു. | [illegible] |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് എണ്ണി തിട്ടപ്പെടുത്തി [illegible] | * വരയ്ക്കാം<br>* ചിത്രത്തിൽ കാണുന്ന രൂപങ്ങൾ [illegible] | ചിത്രം നോക്കി രൂപങ്ങൾ ഓരോന്നും എണ്ണി തിട്ടപ്പെടുത്തുന്നു.<br>ഒരേ പോലെയുള്ള വസ്തുക്കൾ നൽകുന്നു.<br>സമാന രൂപങ്ങൾ [illegible] | [illegible] |

| | | |
|---|---|---|
| ഗണിതം ചിത്രങ്ങൾ കളികളിലൂടെ | സ്വയംനിർമ്മാണം പ്രദർശനം തന്ത്രങ്ങൾ | കുട്ടി സ്വയം രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു.<br>* ഓരോ രൂപത്തിലുമുള്ള രൂപങ്ങൾക്ക് ഓരോ നിറം നൽകി എണ്ണം എഴുതുന്നു.<br>* പ്രദർശിപ്പിക്കുന്നു. വിലയിരുത്തുന്നു.<br>* തീപ്പെട്ടിക്കൊള്ളി, ഈർക്കിലി എന്നിവ<br>* ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കുന്നു.<br>* പ്രദർശിപ്പിക്കുന്നു. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കളികളിലൂടെയും, കുസൃതികണക്കിലൂടെയും | സ്ഥാനവില കണ്ടെത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ ജൂലായ് | SRG class teacher |
| പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിലൂടെയും | സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ആഗസ്റ്റ് | SRG class teacher |
| ഗണിത മനോഭാവം വളർത്തു | കലണ്ടറുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ / കുസൃതി കണക്കുകൾ നിർധാരണം ചെയ്യുന്നു. | സെപ്തംബർ | SRG class Teacher |
| | സങ്കലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ / കളികൾ എന്നിവയിലേർപ്പെടുന്നു. | ഒക്ടോബർ | SRG Class Teacher |
| | വ്യവകലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ/കളികൾ എന്നിവയിൽ ഏർപ്പെടുന്നു. | നവംബർ | SRG Class Teacher |
| | ഗുണനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം/ കളികൾ എന്നിവയിലേർപ്പെടുന്നു. | ഡിസംബർ ജനുവരി | SRG Class Teacher |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| | ഹരണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ഫെബ്രുവരി മാർച്ച് | SRG Class Teacher |
| | ഗണിതവുമായി ബന്ധപ്പെട്ട് നേടിയ ശേഷികൾ അവതരണം/ പ്രദർശനം | വർഷത്തിൽ ഒന്ന് (മാർച്ച്) (പഠനോത്സവം) | PTA SRG Class Teacher. |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങളുടെ വിശദീകരണം | കാലയളവ് |
|---|---|---|---|
| പ്രകൃതിസ്നേഹ മനോഭാവം വളർത്തുക | പ്രകൃതിനടത്തം | വിദ്യാലയത്തിലെ പരിസരത്തുള്ള വൃക്ഷങ്ങൾ നിരീക്ഷിക്കുന്നു. അവയുടെ പേര് രേഖപ്പെടുത്തുന്നു. | ജൂൺ |
| | പട്ടികപ്പെടുത്തൽ | മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു. | ജൂലൈ |
| | വിവരങ്ങൾ ശേഖരിക്കുന്നു. | ഈ സസ്യങ്ങളുടെ ഉപയോഗങ്ങൾ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ശേഖരിക്കുന്നു. (പ്രത്യേകിച്ച് 5 സസ്യങ്ങൾ) ഇവ പരിസരപഠനത്തിൽ രേഖപ്പെടുത്തുന്നു. | ആഗസ്റ്റ് |
| | മരത്തെ നടുന്നു. | കുട്ടിക്ക് ഇഷ്ടപ്പെട്ട മരത്തെ വീടിന്റെ പരിസരത്ത് നടുന്നു. | സെപ്തംബർ |
| | ജൈവവും വളവും നൽകുന്നു. | മരത്തിന് ആവശ്യമായ വളവും വെള്ളവും നൽകുന്നു | ഒക്ടോബർ |
| | വളർച്ച നിരീക്ഷിക്കുന്നു. | തൈയുടെ വളർച്ച നിരീക്ഷിച്ച് EVS ൽ രേഖപ്പെടുത്തുന്നു. തൈയുടെ ചിത്രം വരക്കുന്നു. | നവംബർ + മാർച്ച് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലയളവ് |
|---|---|---|---|
| | ശാസ്ത്രീയനാമ ഉപയോഗങ്ങൾ | കുട്ടികൾ നട്ട തൈകളുടെ ശാസ്ത്രീയ നാമം കണ്ടെത്തുന്നു. ഉപയോഗങ്ങൾ കണ്ടെത്തുന്നു. | ഡിസംബർ |
| | രേഖപ്പെടുത്തുന്നു. | ശാസ്ത്രീയനാമവും ഉപയോഗവും EVS നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. | ജനുവരി |
| | അവതരിപ്പിക്കുന്നു. | സ്കൂൾ അസംബ്ലിയിൽ എന്റെ മരത്തെ കുറിച്ച് കുട്ടി അവതരിപ്പിക്കുന്നു. | ജനുവരി. ഫെബ്രുവരി മാർച്ച്. |
| | പതിപ്പ് | എന്റെ മരത്തെക്കുറിച്ച് പതിപ്പ് തയാറാക്കുന്നു (ക്ലാസ് തലം) | മാർച്ച് |

GLPS മഠണ്ണൂർ
2025-26 അധ്യയന വർഷത്തെ
അക്കാദമികേതര പ്രവർത്തനങ്ങൾ

കായികം : കായികാധ്യാപകന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം.

കല, പ്രവൃത്തി പരിചയം- കല, പ്രവൃത്തിപരിചയ അധ്യാപകരുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം.

സ്പോക്കൺ ഇംഗ്ലീഷ് :- ഇംഗ്ലീഷ് നന്നായി സംസാരിക്കുന്നതിന് വിദഗ്ധ അധ്യാപികയുടെ നേതൃത്വത്തിൽ പരിശീലനം.

കരാട്ടെ - കരാട്ടെ അധ്യാപികയുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം കുട്ടികളുടെ സ്വയം പര്യാപ്തത ഉറപ്പാക്കാൻ

ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം - അധ്യാപകരുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം.

# ഉപസംഹാരം

ഗുണമേന്മവിദ്യാഭ്യാസം ഉറപ്പാക്കിവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യം വയ്ക്കുന്നു പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക്വികസിപ്പിക്കണം.ഇക്കാര്യങ്ങൾഉറ ഉറപ്പിക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്തു അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കി നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമി വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കിയ സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണത്തിലും സ്വയം സജ്ജമാക്കലിനും നടത്തിപ്പിനും സഹായകമായ ചട്ടക്കൂടാണ്